# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉള്ള്യേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KKD/P4/963/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഉള്ള്യേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P4/963/21 തീയ്യതി: 07/09/2021

## കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടിഡയറക്ടർ | 14-07-2021 | 28-07-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 28-07-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

കെ.എം.ബാലകൃഷ്ണൻ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

എം.ശ്യാംജിത്ത്,അസി.ഓഡിറ്റ് ഓഫീസർ

ദിലു.ആർ.കെ,അസി.ഓഡിറ്റ് ഓഫീസർ

ലത ടി.കെ,സീ.ഗ്രേ.ഓഡിറ്റർ

ഷിബിൻ കെ.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹംസ ചെറുക്കാവിൽ | പ്രസിഡന്റ് | 01-04-2020 | 14-11-2020 |
| ശ്രീമതി സി അജിത | ചെയർപേഴ്സൺ | 20-12-2020 | 31-03-2021 |
| ശ്രീമതി സവിത എം | ചെയർപേഴ്സൺ | 01-04-2020 | 19-06-2020 |
| ശ്രീ രമേശൻ എൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-06-2020 | 25-06-2020 |
| ശ്രീമതി ഇന്ദു എ | സെക്രട്ടറി | 26-06-2020 | 04-02-2021 |
| ശ്രീ രമേശൻ എൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-02-2021 | 22-02-2021 |
| ഹറാസ് ഷമീം ടി കെ | സെക്രട്ടറി | 23-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രമേശൻ എൻ.എം | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| അരവിന്ദൻ എൻ.ടി | അസി.എഞ്ചിനീയർ | 01-04-2020 | 11-10-2020 |
| ഷിനോയ് എ കെ | അസി.എഞ്ചിനീയർ | 12-10-1920 | 31-03-2021 |
| അബ്ദുൾബഷീർ കെ.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സിന്ധു | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ ഷൈറുന്നിസ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീമയ പി.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഹസീന കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഹിത എസ് | ഡി.ഇ.ഒ | 01-04-2020 | 31-03-2021 |
| അബ്ദുള്ള കെ കെ | എച്ച്.എം | 01-04-2020 | 31-03-2021 |
| രേഷ്മ കെ പി | വി.ഇ.ഒ | 01-04-2020 | 27-10-2020 |
| അനു പി | വി.ഇ.ഒ | 28-10-2020 | 31-03-2021 |
| സബിത ഒ കെ | വി.ഇ.ഒ | 01-04-2020 | 05-11-2020 |
| ബിജേഷ് | വി.ഇ.ഒ | 06-11-2020 | 31-03-2021 |
| ഡോ.സബിത.ടി | വെറ്ററിനറി സർജൻ | 01-04-2019 | 15-09-2020 |
| ഡോ.സുബീഷ്.പി.എം | വെറ്ററിനറി സർജൻ | 16-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ആഭ്യന്തരനിയന്ത്രണം | 1-5 |
| 6 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-6 |
| 7 | 60 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച് | 1-7 |
| 8 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-8 |
| 9 | സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി നിർണ്ണയത്തിൽ റോഡുകൾ തെരഞ്ഞെടുക്കാൻ കഴിയുന്നില്ല | 1-9 |
| 10 | തൊഴിൽ നികുതി അപാകതകൾ | 1-10 |
| 11 | ഡി & ഒ ലൈസൻസ് അപാകതകൾ | 1-11 |
| 12 | രശീത് സൂക്ഷിപ്പിലെ അപാകതകൾ | 1-12 |
| 13 | പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല. | 1-13 |
| 14 | പൊതുമരാമത്ത് കരാറുകൾ പാലിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-14 |
| 15 | പൊതുമരാമത്ത് കരാറുകൾ പാലിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല - തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി | 1-14(I) |
| 16 | പൊതുമരാമത്ത് കരാറുകൾ പാലിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല - മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തി | 1-14(II) |
| 17 | അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി നിശ്ചിത നിരക്കിൽ ഈടാക്കുന്നില്ല | 1-15 |
| 18 | വെള്ളിക്കുന്ന് പട്ടികജാതി കോളനി സമഗ്രപരിപാടി - പദ്ധതി നടപ്പാക്കിയതിലെ അപാകം | 1-16 |
| 19 | മുൻകൂർ ക്രമപ്പെടുത്തിയില്ല | 1-17 |
| 20 | സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നില്ല. | 1-18 |
| 21 | കന്നുകാലിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 22 | ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാകാൻ കാലതാമസം | 1-20 |
| 23 | ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-21 |
| 24 | പെയിൻ ആന്റ് പാലിയേറ്റീവ്-വാഹനത്തിന്റെ ലോഗ് ബുക്കിലെ അപാകതകൾ | 1-22 |
| 25 | എസ്.എസ്.എ.ക്ക് വിഹിതം അടവാക്കൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല | 1-23 |
| 26 | ലോൺ അക്കൗണ്ടബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല | 3-1 |

| | | |
|---|---|---|
| 2 | പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-2 |
| 3 | പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല - തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി | 3-2(I) |
| 4 | പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല - മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തി | 3-2(Ii) |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 16.03.2020 ലെ 85/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.2.2021 ലെ 38/2021 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ തമ്മിൽ വലിയ അന്തരമുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 32085500 | 28737700 | 3347800 | |
| വരവ് | 269484510 | 96334959 | | 173149551 |
| ആകെ | 301570010 | 125072659 | | 176497351 |
| ചെലവ് | 279453842 | 109784912 | | 169668930 |
| നീക്കിയിരിപ്പ് | 22116168 | 15287747 | | 6828421 |

ബജറ്റ് ഫയലിനോപ്പം അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 214 (3) പ്രകാരം വരവുകളുടെ മതിപ്പ് വിശദവും യാഥാർത്ഥ്യമായിരിക്കേണ്ടതും മുൻവർഷത്തെ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ മുൻവർഷത്തെ വരവ് 75753431 രൂപയായിരുന്നു. എന്നാൽ 2020-21 ൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 269484510(മുൻബാക്കി ഒഴികെ) രൂപയാണ്. വരവിലുണ്ടായ ഈ വ്യതിയാനത്തിന് ആധാരമായ വിശദമായ കുറിപ്പുകളോ വിശദീകരണങ്ങളോ തയ്യാറാക്കിയിട്ടില്ല.

**ബജറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല**

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

- ബജറ്റ് പ്രസംഗം
- ബജറ്റ് കുറിപ്പുകൾ
- ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
- പെർഫോമൻസ് ബജറ്റ്
- ജെൻഡർബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28737700 |
| വരവ് | 96334959 |
| ആകെ | 125072659 |
| ചെലവ് | 109784912 |

| | |
|---|---|
| നീക്കിയിരിപ്പ് | 15287747 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- (ജനറൽ ) (ACR പ്രകാരം) | - | 16269032 | 16269032 | 16004537 | 264495 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 10462186 | 10462186 | 9963420 | 498766 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | - | 14808000 | 14808000 | 13674643 | 1133357 |
| മെയിന്റനൻസ് നോൺ-റോഡ് (ACR പ്രകാരം) | - | 4876177 | 4876177 | 4876177 | 0 |
| ഫോർട്ടീൻത് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 20259456 | 20259456 | 13749886 | 6509570 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 15094784 | 15094784 | 7585820 | 7508964 |
| തൊഴിലുറപ്പ് പദ്ധതി (തൊഴിലാളി കൂലി ഉൾപ്പെടെ) | 0 | 114740239 | 114740239 | 114740239 | 0 |
| തൊഴിലുറപ്പ് പദ്ധതി | 683170 | 2276890 | 2965960 | 2850037 | 115943 |

| | | | | | |
|---|---|---|---|---|---|
| (അംഗൻവാടി ന്യൂട്രീഷൻ ചെലവ്) | | | | | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| അനുപൂരക പോഷകാഹാരം ICDS | 1088550 | 1338144 | 2426694 | 1445443 | 981251 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത

സർക്കാർ ഉത്തരവ് (അച്ചടി)6/2021/ധന.ത.വ. പ്രകാരം ഐ.കെ.എം-ഉം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ, ഉള്ളിയേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ് തുകകൾ ACR പ്രകാരമുള്ള ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം ഗ്രാന്റിനങ്ങളുടെ വരവ് ബുക്ക് ചെയ്യാത്തതിനാൽ വികസനഫണ്ട് ഉൾപ്പെടെയുള്ള ഗ്രാന്റിനങ്ങളുടെ നീക്കിയിരിപ്പ് ഗ്രാന്റ് വിനിയോഗ പത്രികയിൽ നെഗറ്റീവ് ആണ്.
- എ.സി.ആർ പ്രകാരമുള്ള ചെലവ് തുകയും ഐ.കെ.എം-ഉം പത്രിക പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടാത്ത കേസുകൾ കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ടിനം | ACR പ്രകാരമുള്ള ചെലവ് തുക | ഐ.കെ.എം-ഉം പത്രിക പ്രകാരമുള്ള ചെലവ് | വ്യത്യാസം | റിമാർക്ക് |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11004537 | 8430302 | 2425765 | 111765 രൂപ ഹഡ്കോ വായ്പയുടെ തിരിച്ചടവ് തുക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തതാണ്. ബാക്കി 314000/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്. |
| വികസന ഫണ്ട് (എസ്.സി.പി) | 9963420 | 10359146 | 395726 | 395726 രൂപ ഹഡ്കോ വായ്പയുടെ തിരിച്ചടവ് തുക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തതാണ്. |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 4876177 | 4926000 | 49823 | വ്യത്യാസം വിശദീകരിക്കേണ്ടതാണ്. |

- എ.സി.ആർ, മറ്റ് വിനിയോഗ രേഖകൾ എന്നിവ പരിശോധിച്ചതിൽ തുടർന്ന് വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, സി.എഫ്.സി എന്നീ ഇനങ്ങളിൽ 5406818 രൂപ വിനിയോഗിക്കാതെ ലാപ്സായതായി കാണുന്നു.

വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഗ്രാന്റിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 264495 |
| വികസനഫണ്ട്(എസ്.സി.പി) | 498766 |
| സി.എഫ്.സി | 6509570 |
| മെയിന്റനൻസ് ഗ്രാന്റ് (R) | 1133357 |
| ആകെ | 8406188 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയവ (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 182400596 | 154 | 79093064 | 8 | 40 | 76 |

ഈ വർഷം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, സി.എഫ്.സി എന്നീ ഇനങ്ങളിൽ 8406188 രൂപ വിനിയോഗിക്കാതെ ലാപ്സായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-3 (3) കാണുക.

## 1-5 ആഭ്യന്തരനിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 31.03.2021 ന് 8965470 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ പ്രകാരം 2016-17 ൽ മുൻകൂർ നൽകിയ 38540 രൂപ ക്രമപ്പെടുത്താനവശേഷിക്കുന്നതായി കാണുന്നു. അഡ്വാൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചതിൽ മേൽ രജിസ്റ്ററുകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്താത്ത കേസുകൾ കാണുന്നു. തെരുവു വിളക്കുകളുടെ എണ്ണം തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പി.എം.ജി പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് നൽകിയിട്ടില്ല. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിലുടമയിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഡിമാന്റ് ലിസ്റ്റ് പൂർണ്ണമല്ല. ഇതുമൂലം വലിയ തോതിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. തനതുഫണ്ട് നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ ഏതൊക്കെ ഫണ്ടുകളാണ് സൂക്ഷിക്കുന്നത് എന്ന് കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-6 വാർഷിക കണക്കുകളിലെ അപാകങ്ങൾ

- അടിസ്ഥാന അനുമാനങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളുടെ ഭാഗമാക്കിയിട്ടില്ല .
- വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | അപാകം |
|---|---|---|---|
| 1 | കെ.ഡി.സി ബാങ്ക് | 100001200020045 (തനത് ഫണ്ട് ) | 30.03.2021 തീയ്യതിയുടെ പാസ്സ്ബുക്ക് ബാലൻസ് റെപ്പാണ് 2020-21 |

| | | | |
|---|---|---|---|
| | | | വർഷാവസാനത്തെ റീക്കൺസിലിയേഷൻ തയ്യാറാക്കിയത് . |
| 2. | ഫെഡറൽ ബാങ്ക് | എംപി ഫണ്ട് | ബാങ്ക് പാസ്സ്ബുക്ക്, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 3. | എസ്.ബി.ഐ | 38064304902 (ലൈഫ്) | 23.03.2021 ന് ശേഷമുള്ള ബാങ്ക് പാസ്സ്ബുക്ക് , അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 4 | ടി.എസ്.ബി | 716041400000004 | 03.06.2020 ന് ശേഷമുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 5 | ട്രഷറി എസ്.ബി അക്കൗണ്ട് | കോവിഡ് Cfltc 79901290000671 | 26.03.2021 ന് ശേഷമുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 6. | കെ.ജി.ബി | 40162100016120 എസ്.എസ്.എ | 26.03.2021 ന് ശേഷമുള്ള അക്കൗണ്ട് |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 7. | കെ.ഡി.സി ബാങ്ക് | 100601201220001 | 04.05.2020 ന് ശേഷമുള്ള പാസ്സ്ബുക്ക്, അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 8. | ട്രഷറി അക്കൌണ്ട് | കോവിഡ് 871 | പാസ്സ്ബുക്ക് , അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 9. | കെ.ജി.ബി | പെൻഷൻ ഡബിസി 9262 | പാസ്സ്ബുക്ക്, അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |

- ട്രഷറി അക്കൌണ്ട് നമ്പർ 799013000000323 റിക്കൺസിലിയേഷനിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇവിടെ 31.03.2021 ലെ പാസ് ബുക്ക് ബാലൻസ് 1007929 രൂ യും ക്യാഷ് ബുക്ക് ബാലൻസ് 1015759 രൂപയുമാണ് . 7830 രൂപ വ്യത്യാസമുള്ളത് Directly Debited By Bank എന്നാണ് കാണിച്ചിരിക്കുന്നത്. ഇത് ഏത് ഇനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ് .
- 2020-21 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം അഡ്വാൻസ് ഇനത്തിലുള്ള ബാലൻസ് തുക 955972 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഇത് 1002772 രൂ യാണ്.
- 2020-21 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ തൻവർഷത്തെ അബ്സ്ട്രാക്റ്റ് എഴുതിയിട്ടില്ല .
- 2020-21 വർഷത്തെ വാർഷിക കണക്കുകൾ ഷെഡ്യൂൾ B-4 പ്രകാരം ജില്ലാ പഞ്ചായത്ത് വിഭാഗത്തിൽ ബാലൻസ് തുക 25000 രൂപയാണ് . എന്നാൽ ഇത് എ.സി.ആറിൽ ഉൾപ്പെട്ടതായി കാണുന്നില്ല .
- എ.സി.ആർ പ്രകാരം (Manual) സ്റ്റോക്ക് ഷെയർ ഇനത്തിൽ 2019-20 വർഷത്തെ നീക്കിയിരിപ്പ് 565050 രൂപയാണ്. എന്നാൽ ഈ ഇനത്തിൽ 2020 -21 മുന്നിരിപ്പായി കാണിച്ചത് 1665050 രൂപയാണ്.
- 2020-21 വർഷത്തിൽ കെ.ഡി.സി ബാങ്ക് അത്തോളി എന്ന സ്ഥാപനത്തിൽ 169771/- രൂപ നിക്ഷേപിക്കുകയും 93582 രൂപ പലിശ ലഭിക്കുകയും ചെയ്തതായി തൻവർഷത്തെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ചേർത്തതായി കാണുന്നു . എന്നാൽ ഇതിന്റെ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് പകർപ്പ് പരിശോധനക്ക് ലഭിച്ചിട്ടില്ല .
- കെ.ഡി.സി ബാങ്ക് ബാലുശ്ശേരി എന്ന സ്ഥാപനത്തിൽ 971389 രൂ 7.25 ശതമാനം പലിശ നിരക്കിൽ ഒരു വർഷത്തേക്ക് 29.03.20 - 29.03.21 കാലയളവിൽ നിക്ഷേപിച്ചതായി ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ കാണുന്നു. എന്നാൽ കാലാവധിക്ക ശേഷം 1041865 രൂപക്ക് പകരം 1029139 രൂ തിരിച്ച് ലഭിച്ചതായാണ്. രജിസ്റ്ററിൽ കാണിച്ചത്. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിൽ 971389 രൂപക്ക് പകരം 964479 രൂപ നിക്ഷേപിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (സ്ഥിര നിക്ഷേപങ്ങൾ കാലാവധിക്കുശേഷം പലിശയടക്കം വീണ്ടും നിക്ഷേപിക്കുകയാണ് ചെയ്യുന്നത് .)

കെ.ഡി.സി ബാങ്ക് ഫെറോക്ക് എന്ന സ്ഥാപനത്തിൽ 600879 രൂപ 31.03.2020 - 31.03.2021 കാലയളവിലേക്ക് 7.25 ശതമാനം പലിശ നിരക്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതേ സ്ഥാപനത്തിൽ 30.03.2019 - 30.03.2020 കാലയളവിൽ നിക്ഷേപിച്ചിരുന്ന 557419 രൂപ, 558397 രൂപയായി തിരികെ ലഭിച്ചതായാണ് 2019-20 വർഷത്തെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ അബ്സ്ട്രാക്റ്റിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. തിരികെ ലഭിക്കുന്ന തുക പലിശയടക്കം വീണ്ടും ഒരു വർഷത്തേക്ക് നിക്ഷേപിച്ചു വരികയാണ് ചെയ്തു വരുന്നത്. എന്നാൽ 558397 രൂപ വീണ്ടും നിക്ഷേപിക്കുന്നതിന് പകരം 600879 രൂപ നിക്ഷേപിച്ചതായി 2020-21 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ [illegible] രേഖപ്പെടുത്തിയത് വിശദീകരിക്കേണ്ടതാണ്.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ 1/20-21 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

**1-7 60 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ. (എം.എസ്) 358/15 തീ.16.12.2015 എന്നിവ പ്രകാരം 60 ച.മീ വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | 5/26 | 80 ച.മീ | ഭാസ്കരൻ, ചിരുതനാർകണ്ടി, ഒറവിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 10/285 B | 120 ച.മീ | നാരായണി അമ്മ, ഒതയോത്ത് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 16/198 | 76.32 ച.മീ | ചെക്കിണി നമ്പ്യാർ, അണിയുംപുറത്ത് | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 19/137 | 92.4 ച.മീ | ഷംസുദ്ദീൻ, വടക്കേടത്ത്, കക്കഞ്ചേരി | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 19/66 | 100 ച.മീ | ഗോവിന്ദൻ നായർ, ചെറുവട്ട് | രേഖപ്പെടുത്തിയിട്ടില്ല |

കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/20-21, തീ-26.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>1-8 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്

ചതുരശ്ര മീറ്ററിന 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിന മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന 60 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

i)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വരെ സഹിതം) |
|---|---|---|---|
| 4/754 A | മെഹബൂബ്, കണ്ണികുളങ്ങര, ഉള്ള്യേരി | 34.98 $M^2$, താഴത്തെ നില വാണിജ്യം | 1680 + 84 (5% LC) = 1764 |
| 4/754 B | | 35.08 $M^2$, താഴത്തെ നില വാണിജ്യം | 1684 + 85 (5% LC) = 1769 |
| 4/754 C | | 35.64 $M^2$, താഴത്തെ നില വാണിജ്യം | 1711 + 86 (5% LC) = 1797 |
| 4/754 D | | 47.52 $M^2$, താഴത്തെ നില വാണിജ്യം | 2281 + 115 (5% LC) = 2396 |
| 4/754 E | | 34.98 $M^2$, താഴത്തെ നില വാണിജ്യം | 1680 + 84 (5% LC) = 1764 |

| | | | |
|---|---|---|---|
| | | | |
| 4/754 F | | 35.08 $M^2$, താഴത്തെ നില വാണിജ്യം | 1684 + 85 (5% LC) = 1769 |
| 4/754 G | | 35.64 $M^2$, താഴത്തെ നില വാണിജ്യം | 1711 + 86 (5% LC) = 1797 |
| | ആകെ | 258.92 $M^2$ | 12431 + 625 (5% LC) = 13056 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/- രൂപ

ആകെ തറവിസ്തീർണ്ണം- 258.92 ച.മീ

258.92 X 60 = 15535.2 + (20% വഴിസൗകര്യം വർദ്ധനവ്)

= 18643 + 933 (5% LC) = 19576

ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി – 19576

ഈടാക്കിയ നികുതി – 13056

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (18643 + 933) – (12431 + 625)

6212 + 308 (5% LC) = 6520

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| | | വിസ്തീർണ്ണം തരം | – 20% വഴി സൗകര്യം) |
| 16/455 B | | 18.88 $M^2$, താഴത്തെ നില വാണിജ്യം | 907 + 46 (5% LC) = 953 |
| 16/455 C | | 18.88 $M^2$, താഴത്തെ നില വാണിജ്യം | 907 + 46 (5% LC) = 953 |
| 16/455 D | ഹനീഫ്, പുത്തൻകുഴിയിൽ, മേലൂർ | 46.72 $M^2$, താഴത്തെ നില വാണിജ്യം | 2243 + 113 (5% LC) = 2356 |
| 16/455 E | | 22.56 $M^2$ , താഴത്തെ നില വാണിജ്യം | 1083 + 55 (5% LC) = 1138 |
| 16/455 F | | 12.48 $M^2$ , താഴത്തെ നില വാണിജ്യം | 600 + 30 (5% LC) = 630 |
| | ആകെ | 119.52 $M^2$ | 5740 + 290 (5% LC) = 6030 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 60/– രൂപ

ആകെ തറവിസ്തീർണ്ണം- 119.52 ച.മീ

119.52 X 60 = 7171.2 + (20% വഴിസൗകര്യം വർദ്ധനവ്)

= 8606 + 431 (5% LC) = 9037

ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 9037

ഈടാക്കിയ നികുതി – 6030

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (8606 + 431) – (5740 + 290)

2866 + 141 (5% LC) = 3007

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**<u>1-9 സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി നിർണ്ണയത്തിൽ റോഡുകൾ തെരഞ്ഞെടുക്കാൻ കഴിയുന്നില്ല</u>**

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ സ്ഥാപനത്തിലെ 410 റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (സെക്രട്ടറിയുടെ ലോഗിനിൽ) നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലെയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒറ്റ റോഡും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാനുവലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാനുവൽ ഇൻപുട്ടാണ് 90% നികുതി നിർണ്ണയത്തിലും നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാല് ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, യഥാർത്ഥത്തിൽ ഏതു തരമാണെന്ന് നോക്കി സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി എൻക്വയറിയിൽ മനസ്സിലായിട്ടുണ്ട്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നതാണെന്ന് കാണാം. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം, പട്ടികപ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റെയും 20 ശതമാനത്തിന്റെയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടുതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സാരമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

**റോഡുകൾ എണ്ണം,തരം – സഞ്ചയ സോഫ്റ്റ് വെയർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം**

സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 410 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 294 റോഡുകൾ സ്ഥാപനത്തിലുണ്ട്.ഇവ കൂടാതെ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, സ്റ്റേറ്റ്, സെൻട്രൽ എന്നീ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളും നിലവിലുള്ളതായി കാണാം.

| റോഡുകൾ എണ്ണം, തരം | ആസ്തി രജിസ്റ്റർ പ്രകാരം | സഞ്ചയസോഫ്റ്റ് വെയർ പ്രകാരം |
|---|---|---|

| | | |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 294 | 410 |
| വീതി അഞ്ച് മീറ്ററിന് മുകളിൽ | 44 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 250 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |
| വീതി ഒന്നര മീറ്ററിൽ കുറവ് | - | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |
| നീളം 1 കിലോ മീറ്ററിൽ കൂടുതൽ | 63 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |

ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്ന് കാണാം.

മേല്പറഞ്ഞതിൽ നിന്നും നാളിതുവരെ വൻനികുതി നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യത വെളിവാകുന്നുണ്ട്. ആകയാൽ സോഫ്റ്റ് വെയറിൽ ഉള്ള സാങ്കേതികമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. കൂടാതെ, 2016ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം മുഴുവൻ തന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി വിശദമായുള്ള വിശദീകരണം സഹിതം ഓഡിറ്റിന് നല്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി അപാകതകൾ

2020 – 21 സാമ്പത്തിക വർഷം ഉള്ളിയേരി ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേൺസ് എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| സ്ഥാപനത്തിന്റെ പേര് | ഉദ്യോഗസ്ഥന്റെ പേര് | ഉദ്യോഗ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| M -DIT KOZHIKODE കമ്പ്യൂട്ടർ എൻജിനീയറിംഗ് കോളേജ് | അജോ മരിയ | അസിസ്റ്റന്റ് പ്രൊഫസർ | 1,00,000 | 1000 | 750 | 250 |
| | ഗീത .കെ | ഓഫീസ് അസിസ്റ്റന്റ് | 61380 | 600 | 450 | 150 |
| | മധുമതി | | 60000 | 600 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രഭാകരൻ | [illegible] | 6300 | 600 | 450 | 150 |
| | | | | | | 700 |

2. <u>ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യുന്ന മുഴുവൻ ആളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

2020-21 - ൽ ട്രേഡേഴ്സ്/പ്രൊഫഷണൽസ്/സ്ഥാപന തൊഴിൽ നികുതി എന്നീ ഇനത്തിൽ തൊഴിൽ നികുതി അടവാക്കിയവരുടെ എണ്ണം രജിസ്റ്റർ പ്രകാരം 626 ആണ്. ഡി & ഒ രജിസ്റ്റർ പ്രകാരം തൽവർഷം ലൈസൻസ് എടുത്തിട്ടുള്ളവർ 714 വ്യക്തികളാണ്.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നതായി സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

- എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം3 എന്നിവ കാണുക).
- തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്
- വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2-ൽ സൂചിപ്പിച്ച ഫോറം 2-ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നൽകുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 714 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ഡിമാന്റിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടി ക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അവയിൽ പ്രസ്താവിച്ച ജീവനക്കാരുടെ എണ്ണം പ്രകാരമുള്ള തൊഴിൽ നികുതി റിട്ടേൺ ഉടമകൾ സമർപ്പിച്ചതായോ 1994 -ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205 ബി, 1996-ലെ തൊഴിൽ നികുതി ചട്ടം 13 എന്നിവ പ്രകാരമുള്ള നികുതി ഈടാക്കേണ്ട ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | സ്ഥാപനം/ വ്യാപാരിയുടെ പേര് | വ്യാപാരം | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|---|---|---|
| 1 | 9/3 | പോൾ ഫ്രാൻസിസ്, കണ്ടം കുളത്തി | കോക്കനട്ട് & കൊപ്ര പ്രോസസിംഗ് | 3 | 2500 |
| 2 | 18/493 | സജേഷിനി എടക്കത്ത് | [illegible] | 1 | 1500 |

| | | | | | |
|---|---|---|---|---|---|
| 3 | 8/555എ | ഇദ്രീസ് | തണൽ ഡയാലിസിസ് സെന്റർ | 7 | 2500 |
| 4 | 6/189 ഡി | ജ്യോതിർഗമയ/ റിലയൻസ് റീട്ടെയിൽ ലിമിറ്റഡ് | വസ്ത്രവ്യാപാരം | 5 | 3500 |
| 5 | 8/553 എ | അബ്ദുൾ മജീദ് കരുമര | ഇറാനി ചില്ലി | 6 | 1500 |
| 6 | 8/847 | അബ്ദുൾ ഖാദർ ഹാജി | ഫാസ്റ്റ് ഫുഡ് ബേക്കറി | 6 | 300 |

<u>ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തു വരുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

എൽ.എസ്.ജി.ഡി എഞ്ചിനീയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 13 കോൺട്രാക്ടർമാർ ജോലി ചെയ്യുന്നുണ്ട് എന്ന് അറിയാൻ കഴിഞ്ഞു.എന്നാൽ 2 കോൺട്രാക്ടർമാർ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 204 എ(i) പ്രകാരം ആകെ കൂടി അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയോടൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.
- എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭിക്കുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.
- തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കേണ്ടതാണ്.
- ടെയിലേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/2020-2128-07-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും

തനത് വരുമാനചോർച്ച തടയേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിനായി ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഡി & ഒ ലൈസൻസ് അപാകതകൾ

### 1. മുഴുവൻ ട്രേഡുകളും ഉൾപ്പെടുത്തി ട്രേഡ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്. ട്രേഡ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തതിട്ടാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമല്ല.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

ഓരോ സാമ്പത്തിക വർഷവും മുഴുവൻ ട്രേഡുകളിനെയും ഉൾപ്പെടുത്തി ട്രേഡ് ലിസ്റ്റ് കാലികമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 2) സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല

ലൈസൻസ് പുതുക്കി നല്കുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്തി ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ല എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.എന്നാൽ അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല. ഓരോ ഡി&ഒ ലൈസൻസ് അപേക്ഷയും പരിശോധിച്ച് ഫീൽഡ്തല അന്വേഷണ ഉദ്യോഗസ്ഥനും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### 3)രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

ലൈസൻസ് രജിസ്റ്ററിൽ വാങ്ങിയിട്ടുള്ള ഫീസിന്റെ വിവരങ്ങൾ, മോട്ടോർ റണ്ണിംഗ് ഫീ, ബിലേറ്റഡ് ഫീ, തൊഴിൽ നികുതി എന്നിവ വ്യക്തമായി ചേർക്കുകയും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച മീ ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 2113 |
| 100 ച മീ വരെ വിസ്തൃതിയുള്ളത് | 334 |
| 200 ച മീ ക്ക് മുകളിൽ വിസ്തൃതിയുള്ളവ | 109 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 32 |
| ഇതര വ്യവസായത്തിനുള്ളത് | 64 |
| ആകെ | 2652 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2652 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ 714 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും കണ്ടെത്തിയിരിക്കുന്നു. ഇക്കാര്യം പഞ്ചായത്ത് ഇതുവരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, തനത് വരുമാന ചോർച്ച ഇല്ലാതാക്കേണ്ടതും,പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിലെ കച്ചവടക്കാർക്കും ലൈസൻസില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 ഷോപ്പിംഗ് കോംപ്ലക്സിലായി 40 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും 9 മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാത്രമാണ് നിലവിൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളിലെ കച്ചവടക്കാർ പോലും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

<u>ജയമല ചെങ്കൽ ക്വാറി</u>

ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പരിധിയിലെ ജയമല ചെങ്കൽ ക്വാറി തുടങ്ങുന്നതിന് എൻവിയോൺമെന്റ് അസസ്സ്മെന്റ് അതോറിറ്റി തിരുവനന്തപുരത്തിന്റെ 551/A1/2019/SEIAA/10/06/2019 നമ്പർ പ്രകാരം അനീഷ് കുമാർ,കോമത്ത് മീത്തൽ എന്ന് വ്യക്തിക്ക് നിബന്ധനകൾക്ക് വിധേയമായി അനുമതി ലഭിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രസ്തുത പ്രവർത്തിയ്ക്കായി ഡെവലപ്മെന്റ് പെർമിറ്റ് നൽകിയിട്ടില്ല. ചെങ്കൽ ഖനനത്തിനെതിരെ പ്രദേശവാസികൾ പരാതിപ്പെടുകയും ആയതിന്റെ തുടർച്ചയായി ബഹു.ഹൈക്കോടതി മുൻപാകെ കേസ് നമ്പർ W. P (C) No.30693 Of 2019 പ്രകാരം കേസ് നിലനിൽക്കുന്നതുമാണ്. നിലവിലെ സ്ഥിതി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (18 /2020-21/28-07-2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച എല്ലാ അപാകതകളും സമയബന്ധിതമായി പരിഹരിക്കേണ്ടതും, തനത് വരുമാന ചോർച്ച ഇല്ലാതാക്കേണ്ടതും,പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## <u>1-12 രസീത് സൂക്ഷിപ്പിലെ അപാകതകൾ</u>

ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയിൽ ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം. | ട്രഷറി നം. |
|---|---|---|
| 29.05.2020 | 12001010313 | 8524763 |
| 01.06.2020 | 12001010327 | 8524781 |
| 03.09.2020 | 120010101287 | 8525377 |
| 15.09.2020 | 120010101386 | 8526475 |
| 23.09.2020 | 120010101470 | 8526671 |
| 21.10.2020 | 120010101733 | 8526845 |
| 30.10.2020 | 120010101827 | 8526941 |
| 02.11.2020 | 120010101848 | 8526962 |
| 11.11.2020 | 120010102019 | 8527149 |
| 18.11.2020 | 120010102221 | 8527353 |

| | | |
|---|---|---|
| 30.11.2020 | 120010102367 | 8527601 |
| 17.12.2020 | 120010102518 | 8527656 |
| 09.03.2021 | 120010105476 | 8530080 |

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ മാന്വൽ രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| രശീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 6186 | രശീതി നം. 51 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 6197 | രശീതി നം. 30 വരെ ഉപയോഗിച്ചു. 34 മുതൽ 100 വരെ കാൻസൽ വരെയുള്ളവ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. |
| 2821 | രശീതി നം. 8 കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 6195 | രശീതി നം. 75 വരെ ഉപയോഗിച്ചു. 76 മുതൽ 100 വരെ കാൻസൽ വരെയുള്ളവ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-13 പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല.

2020-21 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 212 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികമാകുവാനും പാടുള്ളതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് | കരാർ തിയ്യതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | 24/21, വള്ളിയോത്ത് ഭാഗം- ഇരിങ്ങോട്ട് ഇടുങ്ങി റോഡ്. | 05.08.2020 | 6 മാസം | 16.03.2021 | 597843 | 5978 (1% നിരക്ക്) | കെ.കെ.ബാബു |
| 2. | 67/21, കൊടക്കാട്ട് കുളം- കാവുങ്ങൽ താഴെ റോഡ്. | 16.09.18 | 12 മാസം | 04.06.2020 | 341644 | 8249 (3% നിരക്ക്) | ബിജു.സി.പി |

Site Hand Over രേഖകൾ ഫയലിൽ ലഭ്യമല്ല. 16227 രൂ പിഴ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്/ സാധ്യമല്ലാത്ത പക്ഷം, പിഴ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം – നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പുതുക്കിയ കേരള സ്റ്റേറ്റ് പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ഏർപ്പെടേണ്ടതുണ്ട്. കരാർ വെച്ചില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ – സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി തുകയുടെ 1%, കുറഞ്ഞത് 1000 രൂപ, പരമാവധി 25000 രൂപ) ഈടാക്കേണ്ടതുണ്ട്. പിഴയോട് കൂടിയ 10 ദിവസത്തിന് ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കേണ്ടതാണെന്നും മാന്വൽ അനുശാസിക്കുന്നു. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. 2020-21 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാർ ഒപ്പിടുന്നതിൽ കാലതാമസം ഉണ്ടെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഇതേ ഖണ്ഡികയിൽ (I), (II) ഭാഗങ്ങളായി വ്യക്തമാക്കിയിട്ടുണ്ട്.

## 1-14(I) പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം – നിയമാനുസൃത പിഴ ഈടാക്കിയില്ല – തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി

(I) തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് ഫണ്ട് | സെലക്ഷൻ നോട്ടീസ് തിയ്യതി | കൈപ്പറ്റി തിയ്യതി | കരാർ ഒപ്പിട്ട തിയ്യതി | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | 136/21 , | 20.01.20 | രേഖ | 07.02. | 499872 | 4999 | കെ.കെ.ബാബു |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബ്ലോക്ക് ഗാർഡൻ - ഇരുമ്പനം റോഡ്, തനത് ഫണ്ട് | | പൂർത്തി യായിട്ടില്ല. | 2020 | | | |

**1-14(ii) പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം – നിയമാനുസൃത പിഴ ഈടാക്കിയില്ല – മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തി**

(ii) മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തി

| ക്രമ നം | പ്രോജക്ട് നമ്പർ, പ്രോജക്ട്, ഫണ്ട് | സെലക്ഷൻ നോട്ടീസ് തീയതി | കൈപ്പറ്റ് തീയതി | കരാർ ഒപ്പിട്ട തീയതി | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1 | 93/21, പാലോറ സ്റ്റോപ്പ് - ചാമ്പിൽ താഴെ റോഡ്, MG(Road) | 03.08.20 | രേഖപ്പെടുത്തിയിട്ടില്ല | 23.10.2020 | 348814 | 3488 | റിജീഷ്.കെ.കെ |

(i), (ii) എന്നിവകളിലായി ആകെ 8487 രൂ പിഴ കരാറുകാരിൽ നിന്നോ, കരാറുകാരിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ് .

**1-15 അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി നിർദ്ദിഷ്ട നിരക്കിൽ ഈടാക്കുന്നില്ല**

2020-21 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| പ്രോജക്ട് നമ്പർ, പ്രോജക്ട് | ടെണ്ടർ തുക (രൂ) | കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കുറവ് (ശതമാനം) | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പെർഫോർമൻസ് ഗ്യാരന്റി (ക്വോട്ട് ചെയ്ത തുകയുടെ 2.5 ശതമാനം ) | ഈടാക്കേണ്ട അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി (PAC തുകയുടെ 3.2 ശതമാനം) | ആകെ ഈടാക്കിയത് (രൂ) | കുറവ് (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 164/21 , കുപ്പറമ്പത്ത് കോളനി റോഡ്, എസ്.സി.പി | 4 ലക്ഷം രൂ | 12.91 | 4 ലക്ഷം | 8799 രൂ | 1640 | 15600 രൂ | 4748 | ടി.സുരേഷ് |

26.09.2015 തിയ്യതിയിലെ G.O(P)429/2015/Fin നമ്പർ ഉത്തരവ് പ്രകാരം കരാർ തുകയുടെ 5 ശതമാനം പെർഫോർമൻസ് ഗ്യാരന്റി കരാറുകാരൻ അടക്കേണ്ടതുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 10, ഉപചട്ടം 15 പ്രകാരം ഈ തുക നിരതദ്രവ്യം ഉൾപ്പെടെയാണ്. 10.01.2019 തിയ്യതിയിലെ G.O(P)1/2019/Fin നമ്പർ ഉത്തരവ് പ്രകാരം, ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ 10 ശതമാനത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാർ അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി അടക്കേണ്ടതുണ്ട്. ഇവിടെ പി.എ.സി തുകയുടെ 2.91 ശതമാനമാണ് (12.91 – 10) ഈ ഇനത്തിൽ മാത്രം അടക്കേണ്ടത്. എന്നാൽ 2020-21 വർഷത്തെ എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം രണ്ടിനങ്ങളിലുമായി ആകെ 15600 രൂ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഗ്യാരന്റി തുകകൾ കൃത്യമായ നിരക്കിൽ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 നെല്ലിക്കുന്ന് പട്ടികജാതി കോളനി സമഗ്രപരിപാടി – പദ്ധതി നടപ്പാക്കിയതിലെ അപാകം

2020-21 വർഷത്തിൽ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 154/21 |
| പ്രോജക്ട് | നെല്ലിക്കുന്ന് പട്ടികജാതി കോളനി സമഗ്രപരിപാടി |
| ചെലവഴിച്ച തുക (എസ്.സി.പി) | 126757 രൂ |
| ട്രഷറി ബിൽ നമ്പർ, തിയ്യതി | 69/17.03.2021 (126757 രൂ) |
| ചെലവഴിച്ച തുക (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ) | 15 ലക്ഷം രൂ |
| ചെക്ക് നമ്പർ, തിയ്യതി | 1960582 / 18.03.2021 |

റോഡ് കോൺക്രീറ്റിങ്, DR Side Wall, Concrete Side Wall എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് 225/18 നമ്പറായി രൂപീകരിച്ചതാണ് മേൽ പരാമർശിച്ച പ്രോജക്ട്. ആദ്യം ലഭിച്ച സാങ്കേതികാനുമതി പ്രകാരം 6 മാസമായിരുന്നു പൂർത്തീകരണ കാലാവധി. 35/17-18 നമ്പറായി 15.02.2018 തിയ്യതിയിൽ കരാർ വെച്ചിട്ടുണ്ട്. കരാറുകാരന്റെ (ശ്രീ.എൻ.രാജൻ) 15.03.2019 തിയ്യതിയിലെ കത്ത് പ്രകാരം 7 മീറ്റർ ഉയരത്തിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം താഴ്ഭാഗത്ത് ലഭ്യമല്ല എന്നും പരിസരവാസികൾ സ്ഥലം വിട്ടുതരാൻ തയ്യാറായിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമല്ല എങ്കിൽ കരാർ റദ്ദാക്കുന്നതിനാണ് ഈ കത്ത് നല്കിയത്. ഇതെ തുടർന്ന് 11.02.2018 തിയ്യതിയിലെ 407/18 നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണസമിതി അംഗീകരിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ,കരിങ്കൽ കൊണ്ടുള്ള പാർശ്വഭിത്തി ഒഴിവാക്കി മുഴുവൻ കോൺക്രീറ്റ് പാർശ്വഭിത്തി ആക്കിമാറ്റി. റോഡ് വീതി കുറഞ്ഞതും കുത്തനെ കയറ്റവും ഉള്ളതാകയാൽ കരിങ്കൽ പാർശ്വഭിത്തിക്ക് ആവശ്യമായ സ്ഥലം താഴ്ഭാഗത്ത് ലഭ്യമാകാത്ത സാഹചര്യത്തിൽ കോൺക്രീറ്റ് പാർശ്വഭിത്തിയാണ് ഉചിതം എന്ന ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. കോൺക്രീറ്റ് പാർശ്വഭിത്തിക്ക് ആവശ്യമായ സ്ട്രക്ചറൽ

ഡിസൈൻ തയ്യാറാക്കുന്നതിന് ഗവ.എഞ്ചിനീയറിങ് കോളേജ് കോഴിക്കോട് എന്ന സ്ഥാപനത്തെ സമീപിക്കുകയും 25960 രൂപ ചെലവിൽ (ഇൻവോയിസ് നമ്പർ 2201/28.11.19) പ്രകാരം പ്രസ്തുത സ്ഥാപനം ഡിസൈൻ തയ്യാറാക്കി നൽകുകയും ചെയ്തു. പ്രവൃത്തി 2020-21 വർഷത്തിൽ പൂർത്തീകരിച്ചു .

6 മാസത്തെ പൂർത്തീകരണ കാലയളവോടെ 15.02.2018 തീയതിയിൽ കരാർ വെച്ചിട്ട ഈ പ്രവൃത്തി 04.10.2020 തീയതിയിലാണ് പൂർത്തിയായത്.

2012 - ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 1401 ൽ പ്രതിപാദിച്ചിരിക്കുന്നതിന് വിരുദ്ധമായി, ആവശ്യമായ സൈറ്റ് ഇൻസ്പെക്ഷൻ, ഇൻവെസ്റ്റിഗേഷൻ രീതികൾ അവലംബിക്കാതിരുന്നതിനാലാണ് ഇവിടെ പ്രവൃത്തി പുരോഗമിക്കവെ എസ്റ്റിമേറ്റ് പുതുക്കേണ്ടി വരികയും അതുകാരണം പൂർത്തീകരണം വൈകാനും ഇടയായത്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ് .

**1-17 മുൻകൂർ ക്രമപ്പെടുത്തിയില്ല**

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ച മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 31.03.2021ന് 1505228/- രൂപ മുൻകൂർ ക്രമപ്പെടുത്താൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 38540 രൂപ 2016-17 വർഷം മുൻകൂർ നൽകിയതാണ്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| മുൻകൂർ നൽകിയ തീയതി | വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 20.07.2016 | 21600242 | 38500 | അങ്കണവാടി കുടിവെള്ള പദ്ധതിക്ക് മുൻകൂർ നൽകിയത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. 38500 രൂപയുടെ മുൻകൂർ ക്രമപ്പെടുത്താതിരിക്കുന്നതിന് മറുപടി നൽകേണ്ടതാണ്.

**1-18 സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നില്ല.**

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ യുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ വിജയിക്കുന്നില്ല എന്ന് കാണുന്നു. 18-19 ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും 19-20, 20-21 വർഷങ്ങളിലും ചെറുകിട - പരമ്പരാഗത മേഖലയിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പായില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട്നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 235/19-20 | വനിതാ ഗ്രൂപ്പിന് വാദ്യോപകരണം | 200000 |
| 2 | 223/19-20 | മൺപാത്ര നിർമ്മാണം | 200000 |
| 3 | 35/19-20 | സംരംഭകക്ലബ് | 2500 |
| 4 | 42/19-20 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം (കാറ്ററിംഗ് യൂണിറ്റിന് സബ്സിഡി നൽകൽ) | 600000 |
| 5 | 74/20-21 | തുണിസഞ്ചി നിർമ്മാണം. | 375000 |
| 6 | 73/20-21 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം (കാറ്ററിംഗ് | 500000 |

| | | | |
|---|---|---|---|
| | | യൂണിറ്റിന് സബ്സിഡി നൽകൽ) | |
| 7 | 194/20-21 | മൺപാത്ര നിർമ്മാണം | 200000 |

ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ആവിഷ്കരിച്ച മേൽ പദ്ധതികൾ ഗ്രാമ പഞ്ചായത്തിന് ഇതര വർഷങ്ങളിലും നടപ്പാക്കാൻ സാധിക്കാത്തത് ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചതിൽ സ്വയംസംരംഭങ്ങൾ നടപ്പിലാക്കാനുള്ള ആവശ്യകതയെപ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും പ്രോജക്ട് വിജയകരമാക്കുന്നതിൽ ലക്ഷ്യം കൈവരിക്കുന്നില്ല എന്ന് കാണുന്നു. സ്വയം സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-19 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം 72/20-21

ബിൽനം /തുക 10/ 20- 21/27-2-21/312500

അടങ്കൽ 625000 (312500.വി.ഫണ്ട്.312500.ഉ.വി)

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ 2020- 21 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായി അസിസ്റ്റന്റ് ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് കാഫ് ഫീഡ്സബ്സിഡി സ്കീം പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-20 ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കാൻ കാലതാമസം

| പ്രോജക്ട് നം | S0026/21 |
|---|---|
| പ്രോജക്ടിന്റെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങൽ |
| അടങ്കൽ | 2,50,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | 2,50,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ബിൽ നം | 01/20-21 29/12/20 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങുന്നതിനായി 2020-21 സാമ്പത്തിക വർഷം മേൽ പ്രകാരം പദ്ധതി തയ്യാറാക്കുകയും , കരാറുടമ്പടി, എൻ.എഫ്.സി എന്നിവയുടെ അടിസ്ഥാനത്തിൽ 01/20-21 29/12/20 ബില്ലിൽ ഹോംകോയുടെ അക്കൗണ്ട് നമ്പർ 3430640391, IFSC SBIN 0012873 ലേക്ക് 2,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാവാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (2/2020-21 /23-07-2021) -ക്ക് ഡോക്ടർ നൽകിയ മറുപടിയിൽ (42/2021/ ജി.എച്ച്.ഡി.യു/26/7/21) ഡി.എം.ഒ യും ഹോംകോയിലേക്കും റിമൈൻഡർ കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഹോംകോ തുക കൈപ്പറ്റിയിട്ടും നാളിതുവരെ മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## I-21 ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | S0045/21 |
| പ്രോജക്ടിന്റെ പേര് – | ആയുർവേദ ഡിസ്പെൻസറിക്ക്<br>മരുന്ന് വാങ്ങൽ |
| അടങ്കൽ | 6,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | 6,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ബിൽ നം | 01/20-21 /19/10/20 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി 2020-21 സാമ്പത്തിക വർഷം മേൽ പ്രകാരം പദ്ധതി തയ്യാറാക്കുകയും, കരാറുടമ്പടി, എൻ.എ.സി എന്നിവയുടെ അടിസ്ഥാനത്തിൽ 01/20-21 19/10/20 ബില്ലിൽ ഔഷധിയുടെ അക്കൗണ്ട് നമ്പർ 061207300000181 , IFSC SBIL 0000612 ലേക്ക് 6,00,000 /- രൂപ നൽകുകയും, നാളിതുവരെ 5,71,533/- രൂപയുടെ മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ബാക്കി 28467/-മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാവാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (3/2020-21 /23-07-2021) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് പൂർണ്ണമായി ലഭ്യമാകാത്തതിനാൽ 28467/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. മേൽ പ്രതിപാദിച്ച തുകയുടെ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## I-22 പെയിൻ ആന്റ് പാലിയേറ്റീവ്-വാഹനത്തിന്റെ ലോഗ് ബുക്കിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 47/20-21 |
| പ്രോജക്ടിന്റെ പേര് – | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ട് |
| അടങ്കൽ | 5,80,800 ( വികസനഫണ്ട് ജനറൽ ) |
| ചെലവ് | 4,95,965 (വികസനഫണ്ട് ജനറൽ) |
| ബിൽ നം/തീയതി / തുക | 01/20-21/25/5/20 – 31880/-<br>02/20-21/11/6/20 – 31066/-<br>04/20-21/16/7/20 – 29949/-<br>5/20-21/13/8/20 – 31330/-<br>06/20-21/12/9/20 – 28211/-<br>07/20-21/2/11/20 – 30679/-<br>08/20-21/18/11/20 – 33480/-<br>09/20-21/26/12/20 – 33265/-<br>10/20-21/15/1/21 – 33660/-<br>11/20-21/18/2/21 – 34332/-<br>12/20-21/10/3/21 – 1,00,000/-<br>13/20-21/12/3/21 –34305/-<br>14/20-21/30/3/21 – 43928/-<br>ആകെ 495965/- |

| | |
|---|---|
| | |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ) |

കിടപ്പ് രോഗികളുടെ പരിചരണത്തിനായാണ് ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖേന പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ പെയിൻ ആന്റ് പാലിയേറ്റീവ് നേഴ്സിന്റെ ഹോണറേറിയം, ഫോൺചാർജ്ജ്, സ്റ്റേഷനറി, ഹോംകെയർ ഡ്രൈവറുടെ ദിവസവേതനം, മരുന്ന്, ഹോംകെയർ ടീമിന്റെ ഭക്ഷണച്ചെലവ്, വാഹനത്തിനുള്ള ഇന്ധനം എന്നീ ഇനത്തിലാണ് മേൽ ബില്ലുകൾ പ്രകാരം തുക ചെലവാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള KL 56 B 2241 (Omnivan) ആണ് ഹോംകെയറിനായി ഉപയോഗിക്കുന്നത്. എന്നാൽ പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ലോഗ് ബുക്കിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

**1. ലോഗ് ബുക്കിൽ കിലോ മീറ്റർ റീഡിംഗ് രേഖപ്പെടുത്തുന്നില്ല.**

ലോഗ് ബുക്കിൽ കിലോ മീറ്റർ റീഡിംഗ് രേഖപ്പെടുത്തേണ്ട കോളത്തിൽ 'Not Working' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാഹനത്തിന്റെ സ്പീഡോ മീറ്റർ കേടായാൽ സ്ഥലം, സമയം ഉൾപ്പെടെ ഡ്രൈവർ ലോഗ് ബുക്കിൽ ചേർക്കേണ്ടതും,കസ്റ്റോഡിയൻ ഓഫീസറെ അറിയിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ മീറ്റർ ഉടനെ നന്നാക്കുന്നതിനുള്ള ഏർപ്പാട് ചെയ്യേണ്ടതുമാണ്. അതുവരെ ലോഗ് ബുക്കിൽ കിലോ മീറ്റർ റീഡിംഗ് രേഖപ്പെടുത്തേണ്ടതില്ല . സഞ്ചരിച്ച ദൂരം കണക്കാക്കി രേഖപ്പെടുത്തേണ്ടതാണ്. ലഭ്യമായ മറ്റ് വിവരത്തിന്റെ അടിസ്ഥാനത്തിൽ ദൂരത്തിന്റെ കൃത്യത, കസ്റ്റോഡിയൻ ഓഫീസർ പരിശോധിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

**2. പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 324 പ്രകാരം ലോഗ് ബുക്കിൽ പ്രതിമാസം സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

**3.ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല**

ഓരോ വാഹനത്തിനും ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ആയത് ഡ്രൈവറെ ഏൽപ്പിക്കേണ്ടതുമാണ്. യാത്രയുടെ വിവരം ഡ്രൈവർ ലോഗ് ബുക്കിൽ ചേർക്കേണ്ടതും, യാത്രചെയ്യ ആൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും യാത്ര ക്രമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ യാത്ര ചെയ്ത ആളോ,കസ്റ്റോഡിയൻ ഓഫീസറോ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

**4.ഇന്ധനക്ഷമത ടെസ്റ്റ്, സർവ്വീസിംഗ് നടത്തിയതിന്റെ വിവരങ്ങൾ ഇല്ല**

ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമത ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതാണ്. ഈ ഉദ്യോഗസ്ഥൻ ആയത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതും ആയത് പരിഹരിക്കാൻ നിർദ്ദേശിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ അപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.

ഓരോ വാഹനവും നിശ്ചയിച്ചിട്ടുള്ള ഇടവേളകളിൽ സർവ്വീസിംഗിന് വിധേയമാക്കേണ്ടതാണ്. ആയതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഇല്ലെങ്കിൽ അംഗീകൃത സർവ്വീസ് സ്റ്റേഷൻ മുഖേനയോ ,ക്വട്ടേഷൻ അടിസ്ഥാനത്തിൽ മറ്റ് സർവ്വീസ് സ്റ്റേഷനുകളിലോ ചെയ്യിക്കേണ്ടതാണ്. എന്നാൽ ഇന്ധനക്ഷമതാ ടെസ്റ്റ്,സർവ്വീസിംഗ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

**5. ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല**

കസ്റ്റോഡിയൻ ഓഫീസറുടെയോ, ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ഹാജരായ ആളുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്ധനത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല.

ഇന്ധനം നിറച്ചതിന്റെ വിശദാംശം (ഫയലിൽ നിന്ന് ലഭ്യമായത് )

സ്ഥാപനം – കനിയിൽ ഓട്ടോ ഫ്യൂവൽസ് ഉള്ളിയേരി

| ബിൽ നം./ തീയതി | ഇന്ധനത്തിന്റെ അളവ് | നിരക്ക് | ഇന്ധനത്തിന്റെ വില |
|---|---|---|---|
| 90121/6/4/20 | 19.52 | 71.71 | 1400 |
| 90408/13/4/20 | 19.52 | 71.71 | 1400 |
| 90464/25/4/20 | 19.52 | 71.71 | 1400 |
| 90545/9/5/20 | 29.92 | 71.71 | 1500 |
| 90598/16/5/20 | 26.31 | 71.71 | 1886 |
| 89881/6.3.20 | 19.09 | 73.70 | 1400 |
| 86677/17.3.20 | 24.69 | 71.71 | 1770 |
| 90875/11.6.20 | 25.11 | 74.47 | 1869 |
| 95340/3.8.20 | 21.65 | 80.92 | 1751 |
| 95339/24.8.20 | 23.14 | 82.12 | 1900 |
| 91149/2/7/20 | 21.51 | 80.90 | 1740 |
| 94932/16/7/20 | 23.61 | 80.91 | 1910 |
| 95521/7/9/20 | 16.97 | 82.58 | 1399 |
| 95717/21/9/20 | 18.38 | 81.64 | 1500 |
| 98651/8.10.20 | 19.82 | 81.56 | 1600 |
| 98895/24.10.20 | 21.34 | 81.56 | 1740 |
| 99140/10/11/20 | 17.30 | 81.56 | 1410 |
| 99218/21.11.20 | 31.44 | 81.87 | 1755 |

| | | | |
|---|---|---|---|
| 2253/7.12.20 | 23.05 | 84.20 | 1940 |
| 2448/19.12.20 | 16.63 | 84.20 | 1400 |
| 2735/7.1.20 | 23.53 | 84.68 | 1992 |
| 2961/21.1.20 | 21.71 | 85.68 | 1860 |
| 7768/6.2.21 | 22.7 | 87.43 | 1985 |
| 7009/18.2.21 | 19.48 | 90.36 | 1760 |
| 1295/17.3.21 | 25.97 | 91.65 | 2380 |
| 1179/23.3.21 | 24.13 | 91.65 | 2211 |
| ആകെ | | | 44858 |

മേൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/2019-20 തീയതി 27.07.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 2020 – 21 വർഷം ഇന്ധനം നിറയ്ക്കുന്നതിനായി ചെലവഴിച്ച തുകയായ 44858/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾ സമയബന്ധിതമായി പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 എസ്.എസ്.എ ക്ക് വിഹിതം അടവാക്കൽ – പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ എസ്.എസ്.എ ക്ക് വിഹിതം അടവാക്കൽ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 41/20-21 |
| അടങ്കൽ | 10,00,000/- |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 1000000/- |
| ബിൽ നം. തി. | 5/2020-21 , തീ-06.10.2018 |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) ൽ ഗ്രാമപഞ്ചായത്തുകൾ ഗവേണിംഗ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 10,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-24 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രൊജക്ട് നം 68/20-21

ബിൽനം/തുക 8/20-21/15-9-20

400000

ഫണ്ട് മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)

ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ വെറ്റിനറി ഹോസ്പിറ്റലിലേയ്ക്ക് മരുന്ന് വാങ്ങൽ പ്രൊജക്ടിന്റെ ഭാഗമായി ബൈഫനാവെറ്റ് എന്ന സ്ഥാപനത്തിന് മേൽ സൂചിപ്പിച്ച പ്രകാരം തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരി ശോധിച്ചതിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16(KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16(KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പൊതുമരാമത്ത് പ്രവൃത്തികൾ – പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല

2020-21 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം . ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത് ) ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികമാകുവാനും പാടുള്ളതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം | പ്രൊജക്ട് നമ്പർ , പ്രൊജക്ട് | കരാർ തിയ്യതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | 24/21 ഉള്ളിയേരി ടൗൺ-തനിമഞ്ഞാളികണ്ടി റോഡ്. | 05.08.2020 | 6 മാസം | 18.02.2021 | 597843 | 5978 (1% നിരക്ക്) | കെ.കെ.കെ.തങ്ങ |
| 2. | 57/21 [illegible] | 19.05.18 | 12 മാസം | 04.06.2020 | 341644 | 10248 | ബിജു.പി.പി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കളം തവസ്സൂൽ താഴെ റോഡ്. | | | | | (1% നിരക്ക്) | | |

Site Hand Over രേഖകൾ ഹാജരാക്കിയിട്ടില്ല. 16227 രൂ പിഴ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. സാധ്യമല്ലാത്ത പക്ഷം, പിഴ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ് .

## 3-2 പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം – നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പുതുക്കിയ കേരള സ്റ്റേറ്റ് പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ഉറപ്പിക്കേണ്ടതുണ്ട്. കരാർ വെച്ചില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ – സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി ഇകയുടെ 1%, കുറഞ്ഞത് 1000 രൂപ, പരമാവധി 25000 രൂപ) ഈടാക്കേണ്ടതുണ്ട്. പിഴയോട് കൂടിയ 10 ദിവസത്തിന ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കേണ്ടതാണെന്നും മാന്വൽ അനുശാസിക്കുന്നു. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. 2020-21 വർഷത്തിൽ നടപ്പാക്കിയ – താഴെപ്പറയുന്ന പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാർ ഒപ്പിടുന്നതിൽ കാലതാമസം ഉണ്ടെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഇതേ ഖണ്ഡികയിൽ (I), (II) ഭാഗങ്ങളായി വ്യക്തമാക്കിയിട്ടുണ്ട്.

## 3-2(I). പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം – നിയമാനുസൃത പിഴ ഈടാക്കിയില്ല – തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി

(I) തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി

| ക്രമ നം | പ്രോജക്ട് നമ്പർ, പ്രോജക്ട് ഫണ്ട് | സെലക്ഷൻ നോട്ടീസ് തിയ്യതി | കൈപ്പറ്റ് തിയ്യതി | കരാർ ഒപ്പിട്ട തിയ്യതി | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | 176/21, ചെല്ലൂർ ജാറത്തിന് - കുന്നത്തിങ്ങൽ റോഡ്, തനത് ഫണ്ട് | 26.01.20 | രേഖ ലഭ്യമല്ല | 07.02.2020 | 499672 | 4999 | കെ.കെ.ബഷീർ |

## 3-2(II) പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം – നിയമാനുസൃത പിഴ ഈടാക്കിയില്ല – മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തി

(II) മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തി

| ക്രമ നം | പ്രോജക്ട് നമ്പർ, പ്രോജക്ട് ഫണ്ട് | സെലക്ഷൻ നോട്ടീസ് തിയ്യതി | കൈപ്പറ്റ് തിയ്യതി | കരാർ ഒപ്പിട്ട തിയ്യതി | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | 11/21, പാലമഠ ജസ്റ്റ്പ്പ് - പാലത്തിന് താഴെ റോഡ്, MG(Road) | 03.09.20 | രേഖ ലഭ്യമല്ല | 23.10.2020 | 348804 | 3488 | സിദ്ദീഖ്.കെ.കെ |

(I) , (II) എന്നിവകളിലായി ആകെ 8487 രൂ പിഴ കരാറുകാരിൽ നിന്നോ, കരാറുകാരിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ് .

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2020-21 | 14.07.2021 - 28.07.2021 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 120000 | ലൈഫ് ഭവനം (എസ്.സി) | 120000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഫയൽ നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് | നാറാത്ത് വെസ്റ്റ് [illegible] നോർത്ത് കനാൽ റോഡ് | 04/2019-20 തീ. 24.04.2020 | 6,00,000 | 0 | 6,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭ ബാക്കി | ഈ വർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | 9.0533.70<br>18.02.2012 | 14567500 | 777250 | 1000000 | - | 0 |
| ലൈഫ് ഭവന പദ്ധതി | | 17435720 | 16244544 | 2688867 | - | 14737053 |
| ആകെ | | | | | | 14737053 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20987004 |
| ഈ വർഷം നിക്ഷേപിച്ച തുക | 1787764 |
| ആകെ | 22774768 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 124140 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22650628 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ഉള്ള്യേരി വനിതാ കോ-ഓപ് സൊസൈറ്റി, എഫ്.ഡി.നം.100326 | 2209096 |
| 2 | ഉള്ള്യേരി സർവ്വീസ് കോ-ഓപ് ബാങ്ക്, എഫ്.ഡി.നം.101043996 | 7497118 |
| 3 | ഉള്ള്യേരി സർവ്വീസ് കോ-ഓപ് ബാങ്ക്, എഫ്.ഡി.നം.51245 | 226475 |

| | | |
|---|---|---|
| 4 | ഉള്ള്യേരി സർവ്വീസ് കോ-ഓപ് ബാങ്ക്, എഫ്.ഡി.നം.101047865 | 4409495 |
| 5 | ഉള്ള്യേരി സർവ്വീസ് കോ-ഓപ് ബാങ്ക്എഫ്.ഡി.നം.101047972 | 2110825 |
| 6 | ഉള്ള്യേരി കോ-ഓപ് സൊസൈറ്റി, എഫ്.ഡി.നം.230 | 247165 |
| 7 | കെ.ഡി.സി. ബാങ്ക്, പേരാമ്പ്രഎഫ്.ഡി.നം. 7520099 | 644443 |
| 8 | കെ.ഡി.സി. ബാങ്ക്, അത്തോളി, എഫ്.ഡി.നം.771010 | 169777 |
| 9 | കെ.ഡി.സി. ബാങ്ക്, ബാലുശ്ശേരി, എഫ്.ഡി.നം.186390 | 1029139 |
| 10 | ഉള്ള്യേരി സർവ്വീസ് കോ-ഓപ് ബാങ്ക്, എഫ്.ഡി.നം.101053125 | 1351103 |
| 11 | ഡിസ്ട്രിക്ട് കോ-ഓപ് ബാങ്ക്- [illegible] , എഫ്.ഡി.നം.2853 | 2500 |
| 12 | കെ.ഡി.സി. ബാങ്ക്, ഉള്ള്യേരിഎഫ്.ഡി.നം.752002 | 200000 |
| 13 | ഉള്ള്യേരി സർവ്വീസ് കോ-ഓപ് ബാങ്ക്, എഫ്.ഡി.നം.51221 | 1267441 |
| 14 | ഉള്ള്യേരി വനിതാസർവ്വീസ് കോ-ഓപ് സൊസൈറ്റി, എഫ്.ഡി.നം.481 | 286051 |
| | ആകെ | 22650628 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | തുക ഒടുക്കിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | രസീത് നം. തിയ്യതി | റിമാർക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 2014-15, നരിക്കുനി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് | നസീറ എം.കെ., സീനിയർ ക്ലർക്ക് | 120010102170 തീ.18.11.2020 | ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിൽ ശമ്പളം അധികം വാങ്ങിയത് തിരിച്ചടച്ചത്. |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 30 | 1999-00 | (എ) 77,78.IV 62A | നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻകൂർ നല്കിയത് | നിയമസഭാ സമിതി 2006-08(11) ഖ. 16,17,18 പ്രകാരം നടപടികൾ സ്വീകരിക്കാനും വിശദമായ വകുപ്പുതല അന്വേഷണത്തിനും ([illegible]) നിർദ്ദേശിച്ചു |
| 1997-98 | 31 | 1999-00 | (ബി) 78.IV 62B | നെൽകൃഷി വികസനം പവർ ടില്ലർ | നിയമസഭാ സമിതി 2006-08(11) ഖ.21 പ്രകാരം നടപടിക്ക് നിർദ്ദേശിച്ചു |

| | | | | | |
|---|---|---|---|---|---|
| 1999-00 | 39 | 2001-02 | 11.3 | വനിത പ്രിന്റിംഗ് പ്രസ്സ് യന്ത്രവിനിയോഗം | നിയമസഭാ സമിതി 2006-08(11) ലെ 26 പ്രകാരം നടപടി അവസാനിപ്പിക്കാൻ ശുപാർശ |
| 2001-02 | 11 | 2003-04 | 5.14 | മൈത്രി ഭവന പദ്ധതി - ഉത്തരവാദിത്വം നിറവേറ്റിയില്ല | |
| 2000-01 | 26 | 2003-04 | 6.5 | കാർഷിക യന്ത്രവൽക്കരണം - ഉദ്ദേശം നിഷ്ഫലം പാഴാവുന്നു | |
| 2003-04<br>2004-05 | 11-2<br>9-7 | 2006-07 | 3.79.9 | മേഖലയിൽ യൂണിറ്റുകൾക്ക് ധനസഹായം | |
| 2003-04 | 3-6 | 2006-07 | 3.79.19.6 | ബസ്സ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി | |
| | | 2015-16 | 4.2.2 | ഉൽപന്നങ്ങളുടെ മത്സരക്ഷമതയ്ക്ക് പ്രചരണത്തിന് പ്രാധാന്യം നൽകിയില്ല | |
| 2001-02 | 3-1 | 2005-06 | 2.70.1.8.5 | കടമായുള്ള പദ്ധതികൾ ഫലവത്താകുന്നു | നിയമസഭാ സമിതി 2014-16(51) ലെ 23 പ്രകാരം തീർപ്പാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,63,34,959 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,97,64,912 |
| വരവിനങ്ങളിലുള്ള നഷ്ടം | – |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,714 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1635825 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യുന്നവ | സർചാർജ്ജ് ചെയ്യുന്നവ | |
| 3-1 | | 16,227 | ശ്രീ.അരവിന്ദൻ.എൻ.ടി, അസി. എഞ്ചിനീയർ ശ്രീ. ഷിനോയ്.എ.കെ, അസി. എഞ്ചിനീയർ |
| 3-2(i) | | 4,999 | ശ്രീ. അരവിന്ദൻ.എൻ.ടി, അസി. എഞ്ചിനീയർ |
| 3-2(ii) | | 3,488 | ശ്രീ. ഷിനോയ്.എ.കെ, അസി. എഞ്ചിനീയർ |

| | | | |
|---|---|---|---|
| | ആകെ | 24,714 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 312500 | ഡോ.സുബിഷ്.പി.എം, വെറ്ററിനറി സർജൻ |
| 1-20 | 2,50,000 | ഡോ. ശ്രീലയ.പി.പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-21 | 28,467 | ഡോ. മെഹറുന്നീസ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-22 | 44,856 | ഡോ. സിന്ധു, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-23 | 10,00,000 | ശ്രീ. അബ്ദുള്ള.കെ.കെ, ഹെഡ് മാസ്റ്റർ |
| ആകെ | 16,35,825 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരവിന്ദൻ.എൻ.ടി, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊയിലാണ്ടി നഗരസഭ | ദേവരാഗം, മേഞ്ഞാണ്യം, നടുവണ്ണൂർ(പി.ഒ), കോഴിക്കോട് |
| ശ്രീ.ഷിനോയ്.എ.കെ, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ഭാരഭവൻ, എടക്കാട്(പി.ഒ), കോഴിക്കോട് |
| | | |

| | | |
|---|---|---|
| ഡോ. സിന്ധു, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), ഉള്ള്യേരി | ശിശിരം, അത്തോളി, കോഴിക്കോട് |
| ഡോ. ശ്രീജയ.പി.പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), ഉള്ള്യേരി | ആരാധന, ബിലാത്തിക്കുളം, വെസ്റ്റ് ഹിൽ, കോഴിക്കോട് |
| ഡോ. മെഹറുന്നീസ, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം), ഉള്ള്യേരി | തണൽ, ഗ്രീൻ വാലി വില്ലാസ്, അമ്പലക്കോത്ത്, മെഡിക്കൽ കോളേജ് (പി.ഒ)673008 |
| ശ്രീ.അബ്ദുള്ള.കെ.കെ., ഹെഡ് മാസ്റ്റർ | വിരമിച്ചു | കക്കയാട്ട്, കാവിൽ(പി.ഒ), നടുവണ്ണൂർ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | എൻ.എഫ്.കെ.കെ.പി.പി/10/889/18, 30.01.2018 | 2 | 30,31 |
| 1998-99 | എൻ.എഫ്.കെ.കെ.പി.പി/10/889/18, 30.01.2018 | 1 | 34 |
| 1999-2000 | എൻ.എഫ്.കെ.കെ.പി.പി/10/889/18, 30.01.2018 | 1 | 39 |
| 2000-01 | കെ.എസ്.എ/കെ.കെ./പി4/606/19(1), 29.12.2020 | 4 | 28, 29, 30, 32 |
| 2001-02 | കെ.എസ്.എ/കെ.കെ.പി/പി4/606/19(2), 29.12.2020 | 1 | 3-3 |
| 2002-03 | കെ.എസ്.എ/കെ.കെ.പി/പി4/606/19(3), 29.12.2020 | 1 | 3-6 |
| 2003-04 | കെ.എസ്.എ/കെ.കെ.പി/പി4/606/19(4), 29.12.2020 | 1 | 3-3 |
| 2004-05 | കെ.എസ്.എ/കെ.കെ.പി/പി4/606/19(5), 29.12.2020 | 5 | 2-1, 3-4, 3-5, 3-6, 3-7 |
| 2005-06 | എൻ.എഫ്.കെ.കെ.പി.പി/10/889/18, 30.01.2018 | 7 | 3-2,3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2006-07 | എൻ.എഫ്.കെ.കെ.പി.പി/10/889/18, 30.01.2018 | 6 | 3-1,3-2, 3-3, 3-5, 3-10,3-11 |
| 2007-08 | എൻ.എഫ്.കെ.കെ.പി.പി/10/889/18, 30.01.2018 | 11 | 2-6,2-10, 3-1, 3-2, 3-4,3-5, 3-8, 3-11 3-12,3-13,3-14 |
| 2008-09 | എൻ.എഫ്.കെ.കെ.പി.പി/10/889/18, 30.01.2018 | 14 | 2-3(4), 2-8, 2-9, 3-1,3-3,3-4, 3-5, |

| | | | |
|---|---|---|---|
| | | | 3-6, 3-7, 3-10, 3-11, 3-13, 3-14, 3-15 |
| 2009-10<br>2010-11 | എൽ.എഫ്.കെ.കെ.പി.പി/10/ 499/16, 30.01.2018 | 8 | 2-4, 2-7, 2-9, 3-4, 3-6, 3-7,3-8, 3-9 |
| 2011-12 | എൽ.എഫ്.കെ.കെ.പി.പി/10/ 1376/14, 10.10.2014 | 18 | 1-5,1-6, 2-1(1,2), 2-2(1,2),2-3, 3-1,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 4-2, 4-7 |
| 2012-13<br>2013-14 | എൽ.എഫ്.കെ.കെ.പി.പി/10/ 258/16, 04.04.2016 | 24 | 2-1, 2-2, 2-3, 2-4, 2-5,2-6, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-20, 3-23,3-24 |
| 2014-15 | കെ.എഫ്.എസ്.എ.കെ.കെ.പി.റ്റി10/ 1965/16, 01.07.2017 | 11 | 2-1,2-2(2), 2-5, 2-6(1,2), 3-1, 3-4, 3-5,3-6, 3-8, 3-9 |
| 2015-16 | കെ.എഫ്.എസ്.എ.കെ.കെ.പി.റ്റി10/ 2044/16, 05.10.2018 | 14 | 2-1,2-2,2-4,2-5, 2-6, 2-7, 3-2, 3-5, 3-9(1,2,3) 3-12,3-14,3-16 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/പി 10/1779/17, 23.01.2018 | 26 | 2-1,2-2,2-3, 2-4, 2-5, 2-6, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 3-9, 3-10, 3-11 , 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20,3-21 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/പി 10/1912/19, 13.08.2019 | 13 | 1-10,1-17,2-1,2-2, 3-1(2,3,4,5), 3-1(8,9) 3-2, 3-3,3-4, 3-6,3-6(7), 3-7, 3-9 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/പി 4/1188/20, 20.01.2021 | 17 | 1-5,1-6,1-7, 1-8, 1-12, 1-14, 1-15, 1-18,1-19, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-31, 1-32 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്